**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1335** **08-12-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ റോഡ് നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അരുവിക്കര മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളിൽ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുള്ള റോഡുകളെയും ഇപ്പോൾ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതുമായ റോഡുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | അരുവിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലെ 19 റോഡുകൾ ബി.എം.& ബി.സി നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട് വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>നിരത്ത് വിഭാഗത്തിന് കീഴിൽ നിലവിൽ പള്ളിവേട്ട - കാനാക്കുഴി റോഡ് - 3 കി.മീ, തൊളിക്കോട് - തുരുത്തി -ഭ്രദംവച്ചപാറ റോഡ് - കി.മീ - 5 കി.മി എന്നിങ്ങനെ ആകെ 8 കിലോമീറ്ററിൽ ബി.എം. & ബി.സി പ്രവൃത്തി നടന്നുവരുന്നു.<br><br>ഇവ കൂടാതെ കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1) നെടുമങ്ങാട് – അരുവിക്കര–വെള്ളനാട് റോഡിന്റെ ഒന്നാം റീച്ചായ നെടുമങ്ങാട്ടു മുതൽ അരുവിക്കര ഡാം വരെയുള്ള 6.45 കി.മി റോഡിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപി ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത റോഡിന്റെ രണ്ട് റീച്ചിനും കൂടി ചേർത്ത് 41.6 കോടിരൂപയ്ക്ക് 26-07-2017 ൽ കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.<br><br>2) നെടുമങ്ങാട് – അരുവിക്കര – വെള്ളനാട് റോഡിന്റെ രണ്ടാം റീച്ചായ അരുവിക്കര ഡാം മുതൽ കുളക്കോട് – വെള്ളനാട് വരെയുള്ള 3.65 കി.മി റോഡ് Full Depth Reclamation പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്തിട്ടുണ്ട്. 21-10-2022 ൽ നടന്ന 37-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ വച്ച് ടെൻഡർ അംഗീകരിച്ചിട്ടുണ്ട്. കോൺട്രാക്റ്റ് പാക്കേജ്, ടെൻഡർ, Project Execution Document |

| | | | |
|---|---|---|---|
| | | | എന്നിവയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>3) വിതുര ബോണക്കാട് റോഡ് നിർമ്മാണം - 29.64 കോടി രൂപ - ആകെ 7 കി.മി റോഡിൽ 5 കി.മി ദൂരം BM പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗതിയിലാണ്.<br><br>4) പെരിങ്ങമല – വിതുര – കൊപ്പം റോഡ് നിർമ്മാണം-45.25 കോടി രൂപ – 9 കി.മി. റോഡിൽ അവസാന 2 കി.മി ദൂരത്ത് റീട്ടയിനിംഗ് വാൾ, ഓട, കലുങ്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിന് ശേഷം BM&BC പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>5) തിരുവനന്തപുരം നെയ്യാർ ഡാം റോഡ് – കാട്ടാക്കട ചൂണ്ടുപലക മുതൽ നെയ്യാർ ഡാം വരെയുള്ള 8.15 കി.മി റോഡ് നിർമ്മാണത്തിനായി 58.93 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് KWA-യുടെ കിഫ്ബി പദ്ധതി പൂർത്തിയാക്കിയതിന് ശേഷം റോഡ് പ്രവൃത്തി ആരംഭിക്കും. |
| (ബി) | മണ്ഡലത്തിൽ ഇനി നവീകരിക്കപ്പെടേണ്ട റോഡുകളുടെ ദൂരമുൾപ്പെടെയുള്ള വിവരങ്ങളും അതിനായി വേണ്ടി വരുന്ന ഉദ്ദേശ തുക എത്രയാണെന്നും വിശദമാക്കുമോ? | (ബി) | അരുവിക്കര മണ്ഡലത്തിൽ 188.205 കി.മീ പൊതുമരാമത്ത് റോഡുകൾ ബി.എം& ബി.സി ആയി നവീകരിക്കേണ്ടതുണ്ട്. ഇതിനായി ഏകദേശം 283.5 കോടിയോളം രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം കി.മീ |
|---|---|---|
| 1. | 8-ാം മൈൽ - റ്റി എസ് റോഡ് അരുവിക്കര വരെ (കെൽട്രോൺ ജംഗ്ഷൻ - ഇരുമ്പ-അരുവിക്കര റോഡ്) | 4.300 |
| 2. | 9-ാം മൈൽ - റ്റി എസ് റോഡ് അരുവിക്കര വരെ (അഴീക്കോട്-അരുവിക്കര റോഡ്) | 4.000 |
| 3. | ഇരുമ്പ കാച്ചാണി റോഡ് | 2.400 |
| 4. | ആര്യനാട്-പാലോട് റോഡ് 0/000 മുതൽ 10/200 വരെ | 10.200 |
| 5. | വെള്ളനാട്-ആര്യനാട് റോഡ് 0/000 മുതൽ 5/25 | 5.275 |
| 6. | ആര്യനാട്-പേഴുംമൂട് റോഡ് 0/000 മുതൽ 3/000 വരെ | 3.000 |
| 7. | ചാരുംമൂട് - നല്ലിക്കുഴി - പരുത്തിക്കുഴി-അയ്യപ്പൻകുഴി റോഡ് 0/000 മുതൽ 5/200 | 5.200 |
| 8. | നെട്ടിച്ചിറ - വെള്ളനാട്-പുവച്ചൽ റോഡ് 0/000 മുതൽ 11/800 | 11.800 |
| 9. | ആര്യനാട്-പാലോട് റോഡ് 11/800 മുതൽ | 4.200 |
| 10. | വിതുര ബ്രാഞ്ച് റോഡ് 0/000 മുതൽ 1/300 വരെ | 1.300 |
| 11. | തിരുവനന്തപുരം - പൊൻമുടി റോഡ് | 20.000 |
| 12. | കളത്തുകാൽ - ഉറിയാകോട് റോഡ് | 4.000 |
| 13. | നെടുമങ്ങാട് - ഷൊർലകോട് റോഡ് | 18.900 |
| 14. | കാട്ടാക്കട - കോട്ടൂർ റോഡ് | 14.600 |
| 15. | മുണ്ടേല - കാണിക്കപ്പെട്ടി-പുതുക്കുളങ്ങര റോഡ് | 2.200 |
| 16 | കളപട -പനക്കോട്-മാന്നൂർക്കോണം റോഡ് | 7.600 |
| 17 | തിരുവനന്തപുരം - നെയ്യാർഡാം റോഡ് | 9.400 |
| 18 | പാങ്ങ- ചക്കിപ്പാറ റോഡ് | 3.000 |
| 19 | പേയാട്-ഉറിയാക്കോട് റോഡ് | 4.050 |